LIBRARY ARCHIVES Kerala Legislative Assembly

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി

7 (*67) ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിലും ഉപജീവന മാർഗ്ഗവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മത്സ്യത്തിന്റെ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഉപജീവനമാർഗം നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾ, കരച്ചിപ്പിത്തൊഴിലാളികൾ, ചിപ്പിക്കച്ചവടക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട 262 പേർക്ക് 12.35 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 900 പേർക്ക് 52.61 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റിപോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 29.95 ലക്ഷം ലിറ്റർ (23.02 കോടി രൂപ) മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിനായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആരംഭിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 30.36 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇതിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) തീര നൈപുണ്യ പദ്ധതിയിലൂടെ ഏതൊക്കെ കാര്യങ്ങളാണ് ലക്ഷ്യ മിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യ ത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു.

പുനർഗേഹം പദ്ധതി

8 (*68) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ പൂർണ്ണ മായും പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തീരദേശത്ത് വേലിയേറ്റ പരിധിയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം 29-9-2021-വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 29-9-2021-വരെ മാറിതാമസിക്കാൻ തയ്യാറായ 7716 ഗുണഭോക്താക്കളിൽ 2378 പേർ ഭൂമി കണ്ടെ ത്തുകയും ജില്ലാതല കമ്മിറ്റി ഭൂമിവില അംഗീകരിച്ചിട്ടുമുണ്ട്. 1771 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 616 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുമുണ്ട്. 898 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly